IT @ School

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

Kerala Infrastructure and Technology for Education
Regional Resource Centre , ARTIST, Edappally
Ernakulam – 682024
0484-2334950 , dcekm@kite.kerala.gov.in

No.KITE /2018/1-2KITE Ekm Date 20.01.2018

സംസ്ഥാന സർക്കാരിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തോടനുബന്ധിച്ച് ഹൈടെക്ക് സ്കൂൾ പദ്ധതിപ്രകാരമുള്ള ഉപകരണ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 2018 ജനുവരി 22-ാം തീയതി തിരുവനന്തപുരത്ത് ബഹു. കേരള മുഖ്യമന്ത്രി നിർവ്വഹിക്കുന്നു. തുടർന്നുള്ള ദിവസങ്ങളിലായി ജില്ലാതല വിതരണം ആരംഭിക്കുകയാണ്. എറണാകുളം ജില്ലയിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ 8 മുതൽ 12 വരെയുള്ള ക്ലാസ്സ് മുറികൾക്കാണ് പ്രാഥമികഘട്ടത്തിൽ ഉപകരണ വിതരണം നടത്തുന്നത്.

**ഉപകരണങ്ങൾ കൈപ്പറ്റുന്നതിനുള്ള നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.**

1.ഉപകരണങ്ങൾ വിതരണം നടത്തുന്ന തിയതിയും സമയവും അടങ്ങുന്ന ഷെഡ്യൂൾ www.ddeernakulam.in എന്ന വെബ് സൈറ്റിൽ മുൻകൂട്ടി പ്രസിദ്ധീകരിക്കും. അർഹരായ സ്കൂളുകളെ ഇ മെയിൽ മുഖാന്തിരം വിതരണ വിവരങ്ങൾ അറിയിക്കുകയും ചെയ്യും.

2. വിതരണത്തിനായി നിങ്ങളുടെ സ്കൂളിന് നിശ്ചയിച്ചിരിക്കുന്ന ദിവസം പ്രഥമാദ്ധ്യാപകൻ, സ്കൂൾ ഐ ടി കോർഡിനേറ്റർ (SITC) എന്നിവർ താഴെ പറയുന്ന രേഖകളുമായി കൈറ്റ്(ഐടി@സ്കൂൾ )ജില്ലാ ഓഫീസിൽ (ARTIST Edappally) എത്തിച്ചേരണം.

2.1 സ.ഉ.(സാധാ) നം. 165/2018/പൊ.വി.വ. തീയതി 10.01.18 അനുസരിച്ച് കൈറ്റും സ്കൂളുകളും തമ്മിൽ ഒപ്പുവെയ്ക്കേണ്ട ധാരണാപത്രം** സ്കൂൾ ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാളിന്റെ പേരിൽ വാങ്ങിയ 200 രൂപാ മുദ്രപ്പത്രത്തിൽ പ്രിന്റ് ചെയ്ത്, അതിന്റെ ശരിപ്പകർപ്പ് സഹിതം (ഒറിജിനലും ശരിപ്പകർപ്പും ഒപ്പിടാതെ) കൊണ്ടു വരണം.

2.2 പ്രധാനാദ്ധ്യാപകന്റെ സീലും സ്കൂൾ സീലും കൊണ്ടു വരണം.

3. ഉപകരണങ്ങൾ സ്കൂൾ അധികാരികൾ സ്വന്തം ചെലവിൽ സ്കൂളുകളിൽ എത്തിക്കുന്നതിന് സംവിധാനം ഒരുക്കണം.

4. ഉപകരണ വിതരണത്തിനായി കൈറ്റ് എറണാകുളം ജില്ലാ കേന്ദ്രത്തിൽ നാല് കൗണ്ടറുകൾ ആണ് ഒരുക്കിയിട്ടുള്ളത്

4.1. **കൗണ്ടർ 1** ൽ കൈറ്റ് ജില്ലാ കോർഡിനേറ്റർ, മാസ്റ്റർ ട്രെയിനർ കോഡിനേറ്റർ മുമ്പാകെ

ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാൾ ധാരണപത്രത്തിൽ ഒപ്പ് വെച്ച് ടോക്കൺ കൈപ്പറ്റണം.

4.2.ലഭിക്കുന്ന ടോക്കണിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം **കൗണ്ടർ 2 /കൗണ്ടർ 3** ൽ നിന്നും ഉപകരണങ്ങൾ കൈപ്പറ്റാവുന്നതാണ്.

4.3.കൈപ്പറ്റിയ ഉപകരണങ്ങൾ പരിശോധനയ്ക്കായി പ്രത്യേകസ്ഥലം ക്രമീകരിച്ചി ട്ടുണ്ടാകും. നിങ്ങൾക്ക് ലഭിക്കുന്ന ഉപകരണങ്ങൾ അവയോടൊപ്പം നല്കുന്ന ചെക്ക് ലിസ്റ്റ് പ്രകാരം ഒത്തുനോക്കി ഉറപ്പു വരുത്തണം. ഉപകരണങ്ങൾക്ക് യാതൊരു കേടുപാടും ഇല്ലെന്നും എല്ലാ ഉപകരണങ്ങളും പ്രവർത്തനക്ഷമമാണെന്നും ഉറപ്പ് വരുത്തണം.

4.4 വിതരണ കേന്ദ്രത്തിൽ നിന്നും സ്കൂളുകളിലേക്ക് കൊണ്ടുപോകുന്ന ഉപകരണങ്ങളിൽ പിന്നീട് കണ്ടെത്തുന്ന കേടുപാടുകൾക്കും നഷ്ടങ്ങൾക്കും കൈറ്റ് ജില്ലാകേന്ദ്രം യാതൊരുതരത്തിലും ഉത്തരവാദി ആയിരിക്കില്ല.

4.5 കൈപ്പറ്റുന്ന ഉപകരണങ്ങളിലെ ബോക്സിലെ സീരിയൽ നമ്പറും ഉപകരണങ്ങളിൽ പതിപ്പിച്ചിരിക്കുന്ന സീരിയൽ നമ്പറും ഒന്നു തന്നെയാണെന്ന് ഉറപ്പു വരുത്തണം

5. പരിശോധനയ്ക്ക് ശേഷം ലഭിച്ച ഉപകരണങ്ങളെല്ലാം കൃത്യമായി റീപാക്ക് (കാർട്ടൻസ് പ്ലാസ്റ്റിക്ക് കവറുകൾ അടക്കം കൃത്യമായും ശരിയായും പാക്ക്ചെയ്യണം.) ചെയ്തു **കൗണ്ടർ 4** ൽ എത്തി ചെക്ക് ലിസ്റ്റ് ഏൽപ്പിച്ചതിനു ശേഷം ഗേറ്റ് പാസ്സ് വാങ്ങി തിരികെ പോകാവുന്നതാണ്.

6. പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ഉൾപ്പെടാത്ത, ഒന്നാംഘട്ടത്തിൽ ഹൈടെക്കിന് സജ്ജമായ എല്ലാ സ്കൂളുകളുടേയും ക്ലാസ്സ്മുറികൾക്കുള്ള ഉപകരണ വിതരണം ഫെബ്രുവരി 15 ന് മുൻപ് പൂർത്തിയാകുന്നതാണ്.

7. നിങ്ങൾക്കായി നിർദ്ദേശിക്കുന്ന ദിവസവും സമയവും കൃത്യമായി പാലിക്കുക.

8. ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന വിതരണക്രമം ഒരു കാരണവശാലും മാറ്റുന്നതല്ല.

വിശ്വസ്തതയോടെ

ജില്ലാ കോഡിനേറ്റർ

കൈറ്റ് എറണാകുളം

** ധാരണപത്രം ഉള്ളടക്കം ചെയ്തിരിക്കുന്നു